**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 245** **15-02-2024 - ല്‍ മറുപടിയ്ക്ക്**

**തൊഴിലിടങ്ങളില്‍ സ്ത്രീകള്‍ക്ക് സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. അന്‍വര്‍ സാദത്ത് ,<br>ശ്രീ. റോജി എം. ജോണ്‍** | | **ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി)** | |
| (എ) | പൊതു സമൂഹത്തില്‍ ശരിയായ തൊഴില്‍ സംസ്കാരം വളര്‍ത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ; | (എ) | പൊതു സമൂഹത്തില്‍ ശരിയായ തൊഴില്‍ സംസ്കാരം വളര്‍ത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനും തൊഴില്‍ വകുപ്പും വനിതാ ശിശു വികസന വകുപ്പും സ്വീകരിച്ചുവരുന്ന നടപടികള്‍ അനുബന്ധം-I ആയി ചേര്‍ക്കുന്നു. |
| (ബി) | തൊഴിലിടങ്ങളില്‍ സ്ത്രീകള്‍ക്ക് സംരക്ഷണം നല്‍കുന്ന നിരവധി നിയമങ്ങള്‍ ഉണ്ടായിട്ടും സ്ത്രീകള്‍ ചൂഷണങ്ങള്‍ക്ക് ഇരയാകുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ഇന്ത്യന്‍ ഭരണഘടനയിലും മറ്റ് നിയമ പ്രമാണങ്ങളിലും തൊഴിലിടങ്ങളില്‍ സ്ത്രീകളുടെ സംരക്ഷണം ഉറപ്പാക്കുന്ന നിരവധി നിയമസംഹിതകള്‍ ഉണ്ടെങ്കിലും, സമൂഹത്തില്‍ നിലനില്‍ക്കുന്ന അസമത്വം തൊഴിലിടങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. തൊഴിലിടങ്ങളില്‍ സ്ത്രീകള്‍ക്കെതിരെയുള്ള അതിക്രമങ്ങള്‍, ചൂഷണം എന്നിവ തടയുന്നതിനും ലിംഗവിവേചനം അവസാനിപ്പിക്കുന്നതിനും 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യല്‍ എസ്റ്റാബ്ലിഷ്മെന്റ് ആക്ടില്‍ വ്യവസ്ഥകളുണ്ട്. തൊഴിലിടങ്ങളില്‍ സ്ത്രീകള്‍ക്കെതിരായുള്ള അതിക്രമങ്ങള്‍ക്ക് പരിഹാരം കാണുന്നതിനായി (Sexual harassment committee for protection of women at work places – internal complaints committee) ഇന്റേണല്‍ കംപ്ലയന്റ്സ് കമ്മിറ്റി പ്രവര്‍ത്തിച്ചുവരുന്നു. മേല്‍ നിയമങ്ങള്‍ ശരിയായും ഫലപ്രദമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി തൊഴില്‍ വകുപ്പ് എന്‍ഫോഴ്സ്മെന്റ് ഉദ്യോഗസ്ഥര്‍ പരിശോധന നടത്തി തുടര്‍ നടപടികള്‍ സ്വീകരിച്ചു വരുന്നു. തൊഴിലിടങ്ങളില്‍ സ്ത്രീകള്‍ക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകള്‍ അഭിമാനത്തോടും അന്തഃസ്സോടും ലിംഗസമത്വത്തോടും കൂടി ജോലി ചെയ്യുന്നതിന് സഹായകമാകുന്ന POSH ആക്ട് 2013 വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതുവഴി മേൽ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) | എങ്കിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് എന്തൊക്കെ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ തടയുന്നതിന് തൊഴിൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കർമ്മ പദ്ധതികൾ അനുബന്ധം-II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

## I. തൊഴിൽ വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ

തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിന് തൊഴിലിടങ്ങളിൽ തൊഴിൽ നിയമങ്ങൾ ശരിയായും ഫലപ്രദമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 1960-ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ സ്ത്രീകളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് വ്യവസ്ഥകളുണ്ട്. പ്രസ്തുത ആക്റ്റിലെ വകുപ്പ് 20 ൽ രാത്രികാലങ്ങളിൽ (രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയം) സ്ത്രീകളെ ജോലിക്ക് നിയോഗിക്കേണ്ടി വരുമ്പോൾ ടി തൊഴിലാളികളുടെ സമ്മതം വാങ്ങേണ്ടതും 5 തൊഴിലാളികളെങ്കിലും മിനിമം വേണമെന്നും അതിൽ രണ്ട് തൊഴിലാളികൾ സ്ത്രീകളായിരിക്കണമെന്നും അവരുടെ സുരക്ഷിതത്വം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇവരുടെ താമസ സ്ഥലത്തേയ്ക്ക് എത്തിക്കുന്നതിന് വാഹന സൗകര്യവും തൊഴിലുടമ ഏർപ്പെടുത്തേണ്ടതുണ്ട്. കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ 2018 ൽ വരുത്തിയ ഭേദഗതി പ്രകാരം തൊഴിലാളികൾക്ക് തൊഴിലുടമ ഇരിപ്പിടം സജ്ജമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലും മെറ്റേണിറ്റി ബെനിഫിറ്റ് നിയമം ബാധകമാക്കിയിട്ടുണ്ട്. 50 തൊഴിലാളികളിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുന്നതിനും ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾക്ക് പരിഹാരം കാണുന്നതിനായി (Sexual harassment committee for protection of women at work places - internal complaints committee) ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. കൂടാതെ തൊഴിലിടങ്ങളിലെ പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി സ്ത്രീകൾക്ക് മാത്രമായി തൊഴിൽ വകുപ്പ് 'സഹജ' എന്ന പേരിൽ ഒരു കോൾ സെന്റർ നടപ്പിലാക്കിയിട്ടുണ്ട് (No. 180042555215). ഇതുവഴി സ്ത്രീകൾക്ക് എപ്പോൾ വേണമെങ്കിലും അവരുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉടൻ തന്നെ ടി പരാതിയിൽ നടപടി സ്വീകരിക്കുന്നതുമാണ്.

## II. വനിതാ ശിശു വികസന വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ

പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പുവരുത്തുന്നതിനുമായി തൊഴിൽ മേഖലയിൽ വനിതാ ശിശു വികസന വകുപ്പ് ജെൻഡർ ഓഡിറ്റിംഗ് നടത്തുന്നുണ്ട്. ലിംഗസമത്വം പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ഉള്ള ഒരു ഉപാധിയാണ് ജെൻഡർ ഓഡിറ്റിംഗ്.

കൂടാതെ ജെൻഡർ പാർക്ക് മുഖേന സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം സംഘടിപ്പിച്ച് വരുന്നു. ASAP, KASE എന്നീ സ്ഥാപനങ്ങൾ മുഖേന സ്ത്രീകളുടെ കഴിവുകൾ വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പരിശീലനം നൽകുന്നതിലൂടെ തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കരണ ക്യാമ്പയിൻ ആണ് "**കനൽ**" കർമ്മ പദ്ധതി. ടി പദ്ധതി പ്രകാരവും, Hub for Empowerment of Women മുഖേനെയും വ്യാപക പ്രചരണം നൽകുന്നുണ്ട്. കേരള സംസ്ഥാനത്ത് വിദ്യാഭ്യാസ യോഗ്യതയിൽ ഉള്ള വർദ്ധനവിന് ആനുപാതികമായി തൊഴിൽ രംഗത്തുള്ള സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് കുറവ് ആണ്. ആയത് നികത്തുന്നതിന്റെ ഭാഗമായിട്ട് ASAP, KASE, Kerala Knowledge Economy Mission എന്നിവ മുഖേന ടി വിഭാഗത്തിലെ സ്ത്രീകളുടെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി Skilling, up skilling, cross skilling എന്നിവ നൽകാനുള്ള നടപടികൾ വനിതാ ശിശു വികസന വകുപ്പ് സ്വീകരിച്ച് വരുന്നു. പൊതു സമൂഹത്തിൽ ശരിയായ തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനും ലിംഗസമത്വം ഉറപ്പ് വരുത്തുന്നതിനുമായി പൽന (മുൻപ് നാഷണൽ ക്രഷ് സ്കീം) – (60% കേന്ദ്രാവിഷ്കൃത പദ്ധതി), തൊഴിലിടങ്ങളിൽ ശിശുപരിപാലന കേന്ദ്രം, മൊബൈൽ ക്രഷ് എന്നിവയും തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകൾ അഭിമാനത്തോടും അന്തഃസ്സോടും ലിംഗസമത്വത്തോടും കൂടി ജോലി ചെയ്യുന്നതിന് സഹായകമാകുന്ന POSH ആക്ട് 2013-ഉം നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം–II**

## I. തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ

1960–ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് നിയമത്തിൽ സ്ത്രീകളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് വ്യവസ്ഥകളുണ്ട്. പ്രസ്തുത ആക്റ്റിലെ വകുപ്പ് 20 ൽ രാത്രികാലങ്ങളിൽ (രാത്രി 9 മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയം) സ്ത്രീകളെ ജോലിക്ക് നിയോഗിക്കേണ്ടി വരുമ്പോൾ ടി തൊഴിലാളികളുടെ സമ്മതം വാങ്ങേണ്ടതും 5 തൊഴിലാളികളെങ്കിലും മിനിമം വേണമെന്നും അതിൽ രണ്ട് തൊഴിലാളികൾ സ്ത്രീകളായിരിക്കണമെന്നും അവരുടെ സുരക്ഷിതത്വം തൊഴിലുടമ ഉറപ്പുവരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇവരുടെ താമസ സ്ഥലത്തേക്ക് എത്തിക്കുന്നതിന് വാഹന സൗകര്യവും തൊഴിലുടമ ഏർപ്പെടുത്തേണ്ടതുണ്ട്. കേരള ഷോപ്പ്സ് & കൊമോഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിൽ 2018 ൽ വരുത്തിയ ഭേദഗതി പ്രകാരം തൊഴിലാളികൾക്ക് തൊഴിലുടമ ഇരിപ്പിടം സജ്ജമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുൾപ്പെടെ എല്ലാ സ്ഥാപനങ്ങളിലും മെറ്റേണിറ്റി ബെനിഫിറ്റ് നിയമം ബാധകമാക്കിയിട്ടുണ്ട്. 50 തൊഴിലാളികളിൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം ഏർപ്പെടുത്തുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. മേൽ പരാമർശിച്ച തൊഴിൽ നിയമങ്ങൾ തൊഴിലിടങ്ങളിൽ ഫലപ്രദമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തൊഴിലിടങ്ങളിലെ പരാതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി സ്ത്രീകൾക്ക് മാത്രമായി തൊഴിൽ വകുപ്പ് 'സഹജ' എന്ന പേരിൽ ഒരു കോൾ സെന്റർ നടപ്പിലാക്കിയിട്ടുണ്ട് (No. 180042555215). ഇതുവഴി സ്ത്രീകൾക്ക് എപ്പോൾ വേണമെങ്കിലും അവരുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉടൻ തന്നെ ടി പരാതിയിൽ നടപടി സ്വീകരിക്കുന്നതുമാണ്.

## II. വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന കർമ്മപദ്ധതികൾ

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകൾ അഭിമാനത്തോടും അന്തഃസ്സോടും ലിംഗസമത്വത്തോടും കൂടി ജോലി ചെയ്യുന്നതിന് സഹായകമാകുന്ന നിയമമാണ് POSH ആക്ട് 2013. ആയത് പ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ഉള്ള സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ, അസംഘടിത തൊഴിൽ ചെയ്യുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇന്റേണൽ കമ്മിറ്റിയും പത്തിൽ കുറവ്

ഉള്ള മേൽ സൂചന തൊഴിൽ സ്ഥലങ്ങളിൽ ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്.

ഇപ്രകാരം രൂപീകരിക്കപ്പെട്ട തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് തങ്ങൾക്കെതിരെയുണ്ടാകുന്ന ലൈംഗികാതിക്രമങ്ങൾക്കെതിരെ അവിടെ രൂപീകരിക്കപ്പെട്ട ഇന്റേണൽ/ ലോക്കൽ കമ്മിറ്റിയിൽ പരാതി നൽകാവുന്നതാണ്. അഥവാ തൊഴിലുടമയ്ക്കെതിരെയാണ് പരാതിയെങ്കിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയിൽ പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കരണ ക്യാമ്പയിൻ ആണ് "**കനൽ**" കർമ്മ പദ്ധതി. ടി പദ്ധതി പ്രകാരവും, Hub for Empowerment of Women മുഖേനയും വ്യാപക പ്രചരണം നൽകുന്നുണ്ട്.

കൂടാതെ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും ലിംഗവിവേചനം അവസാനിപ്പിക്കുന്നതിനും പ്രതിരോധിക്കുന്നതിനും 2023 നവംബർ 25 മുതൽ ഡിസംബർ 10 വരെ രണ്ടാഴ്ച നീണ്ടുനിൽക്കുന്ന **"orange the world campaign"** വനിതാ ശിശു വികസന വകുപ്പ് വിപുലമായി സംഘടിപ്പിച്ചു.

സെക്ഷൻ ഓഫീസർ